# ഓൺലൈൻ ഗണിതക്ലാസ്സ് - X – 34 ( 10 / 09 / 2021 )

## 3 .രണ്ടാംകൃതിസമവാക്യങ്ങൾ - ക്ലാസ്സ് - 1 വർക്ക് ഷീറ്റ്

1) 5 , 8 , 11 , . . . എന്ന സമാന്തരശ്രേണിയുടെ

a) പൊതുവ്യത്യാസമെത്ര ?

b) ബീജഗണിതരൂപമെഴുതുക .

c) എത്രാമത്തെ പദത്തിന്റെ വർഗ്ഗമാണ് 6400 ?

2. ഒരു സമചതുരത്തിന്റെ വശങ്ങളെല്ലാം 5 സെന്റിമീറ്റർ കൂട്ടി വലുതാക്കിയപ്പോൾ , പരപ്പളവ് 900 ചതുരശ്രസെന്റിമീറ്ററായി .

a) ആദ്യത്തെ സമചതുരത്തിന്റെ ഒരു വശത്തിന്റെ നീളം $x$ സെന്റിമീറ്റർ എന്നെടുത്താൽ പുതുക്കിയ സമചതുരത്തിന്റെ ഒരു വശത്തിന്റെ നീളം എത്രയായിരിക്കും ?

b) ആദ്യത്തെ സമചതുരത്തിന്റെ ഒരു വശത്തിന്റെ നീളം കണക്കാക്കുക .

3. സമതുരാകൃതിയായ ഒരു മൈതാനത്തിനു ചുറ്റും 3 മീറ്റർ വീതിയിൽ ഒരു പാതയുണ്ട് . മൈതാനവും പാതയും ചേർന്ന സമചതുരത്തിന്റെ പരപ്പളവ് , 1600 ചതുരശ്രമീറ്റർ ആണ് .

a) മൈതാനത്തിന്റെ ഒരു വശത്തിന്റെ നീളം $x$ എന്നെടുത്താൽ മൈതാനവും പാതയും ചേർന്ന സമചതുരത്തിന്റെ ഒരു വശത്തിന്റെ നീളം എത്രയായിരിക്കും ?

b) മൈതാനത്തിന്റെ പരപ്പളവ് കണക്കാക്കുക .

4. സമചതുരാകൃതിയിലുള്ള കട്ടിക്കടലാസ്സിന്റെ നാലു മൂലകളിൽ നിന്നും ഓരോ ചെറിയ സമചതുരം മുറിച്ചു മാറ്റി , മേലോട്ടു മടക്കി ഒരു പെട്ടി ഉണ്ടാക്കുന്നു . പെട്ടിയുടെ ഉയരം 10 സെന്റിമീറ്ററും ഉള്ളളവ് 4 ലിറ്ററുമാണ് .

a) കട്ടിക്കടലാസ്സിന്റെ ഒരു വശത്തിന്റെ നീളം $x$ സെന്റിമീറ്റർ എന്നെടുത്താൽ പെട്ടിയുടെ പാദത്തിന്റെ ഒരു വശത്തിന്റെ നീളം എത്രയായിരിക്കും ?

b) കട്ടിക്കടലാസ്സിന്റെ ഒരു വശത്തിന്റെ നീളം കണക്കാക്കുക .

( സൂചന : 1 ലിറ്റർ = 1000 ഘനസെന്റിമീറ്റർ )

SARATH A S , GHS ANCHACHAVADI , MALAPPURAM